(ബി) തിരുവല്ലാ താലൂക്കിൽ പൂർണ്ണറേഷൻ വിതരണത്തിനു് ഒരു മാസത്തിൽ എത്ര പറ അരി ആവശ്യമുണ്ടു ;

(സി) ഗവണ്മെണ്ടിൽനിന്നും ഇയിടെ പ്രസിദ്ധീകരിച്ചിരിക്കുന്ന 'ഒന്നാംവർഷം' എന്ന ലഘുഗ്രന്ഥത്തിൽ ഒരു deficit താലൂക്കായിരിക്കുന്ന തിരുവല്ലാ താലൂക്കിനെ ഒരു മിച്ചപ്രദേശമായി പ്രഖ്യാപിക്കാൻ കാരണമെന്തു്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) [illegible] പറയും, [illegible] പറയും നെല്ലു് തിരുവല്ലാ താലൂക്കിൽനിന്നും എടുത്തിട്ടുണ്ടു്;

(ബി) തിരുവല്ലാ താലൂക്കിൽ പൂർണ്ണ റേഷൻ വിതരണത്തിനു് ഒരു മാസത്തിൽ [illegible] ചാക്കു് അല്ലെങ്കിൽ [illegible] പറ അരി ആവശ്യമുണ്ടു്;

(സി) തിരുവല്ലാ താലൂക്കു് ഒരു മിച്ചപ്രദേശമാണെന്നു പറഞ്ഞിട്ടുള്ളതു് ആ താലൂക്കു് കുട്ടനാട്ടിൽ പെട്ടതെന്നുള്ള നിലയിലാണു്. ആ താലൂക്കിനെ പ്രത്യേകം എടുക്കുകയാണെങ്കിൽ ഒരു മിച്ചപ്രദേശമല്ല.

ശ്രീ. കെ. എ. മാത്യു: മിച്ചപ്രദേശമല്ലെങ്കിൽ അവിടത്തേയ്ക്കുള്ള അലോട്ടുമെൻറു് കുറയ്ക്കുമെന്നു് ഭയപ്പെടേണ്ടതല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മിച്ചപ്രദേശമാണോ അല്ലയോ എന്നു നോക്കിയല്ല അലോട്ടുമെൻറു് അനുവദിക്കുന്നതു്.

ശ്രീ. കെ. എ. മാത്യു: ഇപ്പോൾ അയ്ക്കുന്ന അലോട്ടുമെൻറു് അവിടത്തേയ്ക്കു് പര്യാപ്തമല്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ പര്യാപ്തമായിട്ടുള്ളതു് അയ്ക്കുന്നുണ്ടു്.

ശ്രീ. എ. വി. ജോസഫ്: ഓരോ താലൂക്കുകളേയും മിച്ചപ്രദേശമെന്നും കമ്മിപ്രദേശമെന്നും പ്രത്യേകം പ്രഖ്യാപിക്കാറുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ പ്രഖ്യാപിക്കാറില്ല.

Sri. K. Sivarama Pillai: Is it not because sugarcane is grown in Tiruvalla taluk that it is a deficit taluk ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

NEW HIGH SCHOOL

***793.** [6] **Sri. Kannara Gopala Panicker:** Will the Hon'ble Minister for Education be pleased to state:

(*a*) whether Government have sanctioned permission to open any high school in the State of Travancore-Cochin after the reopening of the schools this year;

(*b*) was it against the opinion and report of the Divisional Inspector and Special Officer?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):**

(*a* Yes.

(*b*) Schools are sanctioned by Government in consultation with the departmental officers including the Special Officer and after convincing themselves of the

LIBRARY ARCHIVES Kerala Legislative Assembly

educational needs in each case, and not merely on the report of any officer. So the question does not arise.

ശ്രീ. കെ. എ. മാത്യു: ആരാണ് ഈ സ്പെഷ്യൽ ആഫീസർ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഓവർലാപ്പിംഗ് കാര്യത്തെപ്പറ്റി റിപ്പോർട്ട് ചെയ്യാൻ നിയമിതനായിരുന്ന മി. വി. എസ്. കൃഷ്ണയ്യർ.

ശ്രീ. കളത്തിൽ വേലായുധൻ നായർ: എന്നാണ് ഈ സ്കൂളുകൾ അനുവദിച്ചത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഡിപ്പാർട്ട്മെൻറൽ സ്കൂളുകൾ അനുവദിച്ചത് മിക്കതും സ്കൂളുകൾ തുറന്നതിനു ശേഷമാണ്.

കേന്ദ്രഭക്ഷ്യവകുപ്പിൽനിന്നും കോട്ടാ അനുവദിക്കുന്നതു്

*൭൯. (൧) ശ്രീ. കണ്ണാറ ഗോപാലപണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂറിലേക്കും കൊച്ചിയിലേക്കും സംയോജനത്തിനുശേഷവും കേന്ദ്രഭക്ഷ്യവകുപ്പിൽനിന്നും കോട്ടാ അനുവദിക്കുന്നതു പ്രത്യേകം പ്രത്യേകമായിട്ടാണോ അതോ ഒന്നായിട്ടാണോ;

(ബി) കേന്ദ്രഗവൺമെണ്ടിന്റെ ഭക്ഷ്യവകുപ്പ് തിരുവിതാംകൂർ കൊച്ചിയെ ഒരു സ്റ്റേറായി അംഗീകരിച്ചിട്ടുണ്ടോ;

(സി) തിരുവിതാംകൂറിലും കൊച്ചിയിലും റേഷൻ വിതരണത്തിൽ വല്ല വ്യത്യാസവും ഉണ്ടോ;

(ഡി) തിരുവിതാംകൂർ വിഭാഗത്തിൽ അപൂർണ്ണ റേഷൻ കൊടുക്കുമ്പോൾ കൊച്ചിയിൽ പൂർണ്ണറേഷൻ കൊടുക്കുന്നുവെന്നു ഒരു പരാതിയുണ്ടായിട്ടുള്ളതായി ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ഇ) അത്യാവശ്യത്തിനു ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നില്ലെന്ന നാട്ടിന്റെ നാനാഭാഗത്തുനിന്നും പരാതികൾ ലഭിച്ചിട്ടുണ്ടോ; അതിനെന്തുചെയ്തു;

(എഫ്) ഭക്ഷ്യസാധനസംഭരണവും വിതരണവും സംബന്ധിച്ചു അതികഠിനമായ അതൃപ്തിയും പ്രതിഷേധവും പരാതിയും പൊതുജനങ്ങളുടെ ഇടയിൽ ഉണ്ടെന്നു ഗവൺമെണ്ടിനറിയാമോ;

(ജി) അതിനെന്തെങ്കിലും പരിഹാരം ഗവൺമെണ്ടുണ്ടാക്കിയിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) തിരുവിതാംകൂറിലേയ്ക്കും കൊച്ചിയിലേയ്ക്കും ഇപ്പോൾ കോട്ട അനുവദിക്കുന്നതു് ഒന്നായിട്ടാണ്.

(ബി) കേന്ദ്രഗവൺമെണ്ടിന്റെ ഭക്ഷ്യവകുപ്പു തിരുവിതാംകൂർ കൊച്ചിയെ ഒരു സ്റ്റേറായി അംഗീകരിക്കുന്ന പ്രശ്നം ഉത്ഭവിക്കുന്നില്ല. തിരുവിതാംകൂർ-കൊച്ചി ഒരു സ്റ്റേറതന്നെയാണ്.

(സി) തിരുവിതാംകൂറിലേയും കൊച്ചിയിലേയും റേഷൻ വിതരണസമ്പ്രദായത്തിൽ ചില വ്യത്യാസങ്ങൾ ഉണ്ട്. വിതരണം ചെയ്യുന്ന റേഷനിൽ വ്യത്യാസമില്ല.

(ഡി) ഉണ്ട്.

(ഇ), (എഫ്) & (ജി) എല്ലാ സ്ഥലത്തും റേഷൻ നിരക്കിലുള്ള അരി കൊടുക്കുന്നതിനു് സാധിച്ചിട്ടില്ല. അതു് സംബന്ധിച്ചു ചില പരാതികൾ ഉണ്ടായി

LIBRARY ARCHIVES Kerala Legislative Assembly